## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5502 — 27.03.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്.

### വയോജനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം<br><br>ശ്രീ.റോഷി അഗസ്റ്റിൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വയോജനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. വയോജനങ്ങൾക്കായുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• വയോജനങ്ങൾക്ക് ശാരീരിക മാനസിക, സാംസ്കാരിക, പിന്തുണ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പദ്ധതികൾ<br>• വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്ന പദ്ധതികൾ ആയുഷുമായി സഹകരിച്ച് സംഘടിപ്പിക്കുക.<br>• വിനോദ കേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കുക.<br>• വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ്ലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രിയിൽ വയോജനങ്ങൾക്ക് പ്രത്യേകം |

| | | | |
|---|---|---|---|
| | | | "ക്യൂ"-വിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ<br>• വൃദ്ധ സദനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ<br>• വയോജനങ്ങളായ കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നീ സാന്ത്വന പരിചരണ പദ്ധതികൾ |
| **(ബി)** | പഞ്ചായത്ത് അടിസ്ഥാനത്തിൽ വൃദ്ധജനങ്ങളുടെ കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ; | **(ബി)** | വൃദ്ധജനങ്ങളുടെ ശരിയായ എണ്ണം നിലവിൽ ശേഖരിച്ച സൂക്ഷിച്ചിട്ടില്ലാത്തതാകുന്നു. |
| **(സി)** | വൃദ്ധജനസംഖ്യ വർദ്ധിക്കുന്നതു കണക്കിലെടുത്ത് ഇവർക്കായി ത്രിതല പഞ്ചായത്ത് സംവിധാനത്തിന് കീഴിൽ ഫലപ്രദമായ പദ്ധതികൾ വിഭാവനം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | **(സി)** | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു വിഭാഗം വികസന ഫണ്ട്, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുക്കേണ്ടത് എന്ന് തീരുമാനിക്കുന്നത് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**